**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1813** **05-07-2022 - ൽ മറുപടിയ്ക്ക്**

**സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുളള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; | (എ) | **കിഫ്ബിയിൽ നിന്നും 4% പലിശ നിരക്കിൽ 455 കോടി രൂപ ലഭ്യമാക്കി, പുതിയ 700 സി.എൻ.ജി. ബസ്സുകൾ കെ.എസ്.ആർ.ടി.സി. -സ്വിഫ്റ്റ് എന്ന എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-ക്ക് വേണ്ടി വാങ്ങുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഉത്തരവ് (കൈ) നമ്പർ 25/2022/ട്രാൻസ്. തീയതി, 23.05.2022 പ്രകാരം ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. CNG-യുടെ വില വർദ്ധനവ് കാരണം അന്തിമ തീരുമാനം കൈകൊണ്ടി ട്ടില്ല.**<br><br>**കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിനായി 310 എണ്ണം സി.എൻ.ജി. ബസുകൾ വാങ്ങുന്നതിന് ക്ഷണിച്ച ഇ-ദർഘാസിൽ പങ്കെടുത്ത് പ്രാഥമിക യോഗ്യത നേടി ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മതാവായ M/s. Ashok Leyland Ltd-നോട് ടെണ്ടർ വ്യവസ്ഥകൾ പാലിച്ച് പരീക്ഷണാടിസ്ഥാനത്തിൽ ഓടിച്ച് വിലയിരുത്തുന്നതിനായി prototype bus നൽകുന്നതിന് ആവശ്യപ്പെട്ടി രിക്കുന്നു.** |
| (ബി) | ഇതിനായി എന്തു തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | **കെ.എസ്.ആർ.ടി.സി.**-സ്വിഫ്റ്റ്-നു വേണ്ടി 455 കോടിയുടെ കിഫ്ബി വായ്പ ഉപയോഗിച്ച് 700 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 310 എണ്ണം സി.എൻ.ജി. ബസുകൾ 10 വർഷം AMC വ്യവസ്ഥയോട് കൂടി വാങ്ങുന്നതിന് 201.5 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത ബസ്സുകൾ വാങ്ങുന്നതിനായി | (സി) | കിഫ്ബിയിൽ നിന്നും 4% പലിശ നിരക്കിൽ 455 |

| | | | |
|---|---|---|---|
| | വായ്പയെടുക്കുന്ന തുകയുടെ തിരിച്ചടവ് കാലാവധി എപ്രകാരമാണ്; വിശദമാക്കുമോ? | | കോടി രൂപ ലഭ്യമാക്കി, പുതിയ 700 സി.എൻ.ജി. ബസ്സുകൾ കെ.എസ്.ആർ.ടി.സി. -സ്വിഫ്റ്റ് എന്ന എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-ക്ക് വേണ്ടി വാങ്ങുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഉത്തരവ് (കൈ) നമ്പർ.25/2022/ട്രാൻസ്. തീയതി 23.05.2022 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ ബസ്സുകൾ വാങ്ങി പൂർണ്ണമായി ഓടിത്തുടങ്ങുന്നതിന് 6 മുതൽ 10 മാസം വരെ സമയം ആവശ്യമുള്ളതിനാൽ പദ്ധതി ആരംഭിച്ച് രണ്ട് വർഷത്തിനകം വായ്പ തിരിച്ചടവ് ആരംഭിച്ചാൽ മതിയാകും. |

സെക്ഷൻ ഓഫീസർ